**"CORRUPTION, A CRIME AGAINST NATION"**

**വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ**
**തിരുവനന്തപുരം 695033**
**E-mail:vig.vacb@kerala.gov.in**
**ഫോൺ നം. 0471-2305393**
**തീയതി 24.09.2024**

## "നിർമ്മാണത്തിൽ അഴിമതി നടത്തിയ എഞ്ചിനീയർമാരെയും കരാറുകാരനെയും കഠിന തടവിന് ശിക്ഷിച്ചു."

2007-2008 കാലഘട്ടത്തിൽ തൃശ്ശൂർ ജില്ലയിലെ ചാലക്കുടി മുനിസിപ്പാലിറ്റി ജനകീയ ആസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പുത്തൻകുളം നവീകരണ പദ്ധതിയിൽ ക്രമക്കേട് നടത്തിയ കരാറുകാരനെയും, അസിസ്റ്റന്റ് എഞ്ചിനീയറെയും, മുനിസിപ്പൽ എഞ്ചിനീയറെയും തൃശ്ശൂർ വിജിലൻസ് കോടതി ഇന്ന് (24/09/2024) കഠിന തടവിന് ശിക്ഷിച്ചു.

പുത്തൻകുളം നവീകരണ പ്രവർത്തികളിൽ ആവശ്യത്തിന് സിമെന്റും കമ്പിയും ഉപയോഗിക്കാതെയും നിർമ്മാണത്തിൽ ക്രിത്രിമം കാണിച്ചും പൂർത്തീകരിച്ച പ്രവർത്തിക്ക് അസിസ്റ്റന്റ് എഞ്ചിനീയർ തെറ്റായ അളവുകൾ രേഖപ്പെടുത്തിയും, മുനിസിപ്പൽ എഞ്ചിനീയർ അവ ശരിയാണെന്ന് സാക്ഷ്യപ്പെടുത്തിയും സർക്കാരിന് ആകെ 1,33,693/- രൂപ നഷ്ടമുണ്ടാക്കിയ കേസ്സിലാണ് തൃശ്ശൂർ വിജിലൻസ് കോടതി മുനിസിപ്പൽ എഞ്ചിനീയറായ എസ്.ശിവകുമാറിനെയും, അസിസ്റ്റന്റ് എഞ്ചിനീയറായ എം.കെ.സുഭാഷിനെയും, കരാറുകാരനായ കെ.ഐ.ചന്ദ്രനെയും രണ്ട് വർഷം വീതം കഠിന തടവിനും 1,00,000/- രൂപ വീതം പിഴ ഒടുക്കുന്നതിനും തൃശ്ശൂർ വിജിലൻസ് കോടതി ശിക്ഷിച്ചത്.

വിജിലൻസ് തൃശ്ശൂർ യൂണിറ്റ് 2008-ൽ നടത്തിയ മിന്നൽ പരിശോധനയുടെ അടിസ്ഥാനത്തിൽ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടായിരുന്ന ശ്രീ. സൈഫുള്ള സെയ്ദ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടായിരുന്ന ശ്രീ. എസ്.ആർ.ജ്യോതിഷ് കുമാർ കുറ്റപത്രം നൽകിയ കേസ്സിലാണ് ഇന്ന് (24/09/2024) ശിക്ഷ വിധിച്ചത്.

പ്രോസിക്യൂഷനു വേണ്ടി വിജിലൻസ് പബ്ലിക് പ്രോസിക്യൂട്ടർ ശ്രീ. ഇ.ആർ.സ്റ്റാലിൻ ഹാജരായി.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.